LIBRARY ARCHIVES Kerala Legislative Assembly

സയൻസ് ടെക്നോളജി ആന്റ് എൻവയൺമെന്റ് ഡിപ്പാർട്ട്മെന്റിൽ ഡയറക്കടറായി നിയമിക്കപ്പെടുന്നതിനുള്ള യോഗ്യത

18 [T3069] ശ്രീ. കെ. കെ. ജയചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ;

(എ) കേരള സംസ്ഥാന സയൻസ് ടെക്നോളജി ആന്റ് എൻവയൺമെന്റ് വകുപ്പിന്റെ ഡയറക്ടർ തസ്തികയിൽ നിയമിക്കപ്പെടുന്നതിന് നിശ്ചയിച്ചിട്ടുള്ള യോഗ്യതകൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) നിലവിലുള്ള ഡയറക്ടർക്ക് ഗവൺമെന്റ് നിശ്ചയിച്ചിട്ടുള്ള യോഗ്യതകൾ ഉണ്ടെന്നു കരുതുന്നുണ്ടോ;

(സി) ഇപ്പോൾ ഡയറക്ടറുടെ ചുമതല വഹിക്കുന്ന ആളുടെ പേരിൽ മുമ്പ് വിജിലൻസ് അന്വേഷണം നടന്നിട്ടുണ്ടോ; എങ്കിൽ ഏതൊക്കെ കാര്യങ്ങളിലാണ് എന്ന് വ്യക്തമാക്കുമോ;

(ഡി) ആവശ്യമായ യോഗ്യതയുള്ള ഒരു മുഴുവൻ സമയ ഡയറക്ടറെ നിയമിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ അതിന്റെ നടപടികൾ ഏതു വരെയായി എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഏതെങ്കിലും സയൻസ് വിഷയത്തിൽ ഡോക്ടറേറ്റോ, എൻജിനീയറിംഗിൽ ബിരുദാനന്തര ബിരുദമോ, ഉണ്ടായിരിക്കണം. ഡോക്ടറേറ്റോ എൻജിനീയറിംഗിൽ ബിരുദാനന്തര ബിരുദമോ, സമ്പാദിച്ചശേഷം ഇരുപത് വർഷത്തെ ആ മേഖലയിലെ പ്രവൃത്തി പരിചയം വേണം. അതിൽ പത്തു വർഷം ഗവേഷണത്തിലോ, അദ്ധ്യാപനത്തിലോ പ്രവർത്തി പരിചയം ഉണ്ടായിരിക്കണം. കൂടാതെ അഞ്ചുവർഷം ഏതെങ്കിലും വകുപ്പിലോ സ്ഥാപനത്തിലോ റിസർച്ച് സൊസൈറ്റിയിലോ ഭരണ പരിചയം ഉണ്ടാകണം. സർക്കാർ തലത്തിലുള്ള സ്ഥാപനങ്ങളിലെ ഭരണ പരിചയം അഭിലഷണീയം. അപേക്ഷകർ 55 വയസ്സിൽ താഴെ പ്രായമുള്ളവരായിരിക്കണം.

(ബി) ഉണ്ട്.

(സി) ഇല്ല.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

പുതിയ ശാസ്ത്രഗവേഷണ സ്ഥാപനങ്ങൾ

19 [3070] ശ്രീ. മത്തായി ചാക്കോ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ;

(എ) ശാസ്ത്ര സാങ്കേതിക പരിസ്ഥിതി വകുപ്പിന്റെ കീഴിൽ പുതുതായി ശാസ്ത്ര ഗവേഷണ സ്ഥാപനങ്ങൾ തുടങ്ങാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ ഏതെല്ലാം ശാസ്ത്രശാഖയുടെ സെന്ററുകൾ, എവിടെയെല്ലാം സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കുമോ;

(സി) തിരുവനന്തപുരത്ത് പുതിയ ശാസ്ത്ര ശാഖയായ നാനോ ടെക്നോളജിയുടെ ഒരു സെന്റർ തുടങ്ങാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) കേരള സ്കൂൾ ഓഫ് മാത്തമാറ്റിക്സ് എന്ന പേരിൽ ഒരു പഠന ഗവേഷണ സ്ഥാപനം കോഴിക്കോട് സ്ഥാപിക്കാൻ നടപടി സ്വീകരിച്ചു വരുന്നു.

(സി) ശാസ്ത്ര സാങ്കേതിക പരിസ്ഥിതി വകുപ്പിന്റെ കീഴിൽ തൽക്കാലം പരിഗണനയിലില്ല. ദേശാന്തര നിലവാരമുള്ള നാനോ ടെക്നോളജി സെന്റർ Techno economic feasibility-യുടെ അടിസ്ഥാനത്തിൽ തിരുവനന്തപുരത്ത് സ്ഥാപിക്കുന്നതിനുവേണ്ട നിക്ഷേപം പ്രവാസി മലയാളികളിൽ നിന്നും സ്വരൂപിക്കുന്നതിന് നോർക്ക വകുപ്പ് ഉദ്ദേശിക്കുന്നതായി വിവരം ലഭിച്ചിട്ടുണ്ട്.

യു.ഡി.എഫ്. സർക്കാർ നിയോഗിച്ച അന്വേഷണ കമ്മീഷനുകൾ

20 [3071] ശ്രീ. രാജു എബ്രഹാം:

„ എം. വി. ജയരാജൻ:

„ എം. വി. ഗോവിന്ദൻമാസ്റ്റർ:

„ എ. സി. മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ;

(എ) യു.ഡി.എഫ്. സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര അന്വേഷണ കമ്മീഷനുകളെ നിയമിച്ചിട്ടുണ്ട്; അവ ഏതെല്ലാം, വ്യക്തമാക്കാമോ;

(ബി) ഇതിൽ ഏതെല്ലാം കമ്മീഷനുകളുടെ കാലാവധിയാണ് നീട്ടിക്കൊടുത്തിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ;

(സി) ഏതെല്ലാം കമ്മീഷനുകളുടെ റിപ്പോർട്ടുകളാണ് ഇതിനകം സർക്കാരിന് ലഭിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; പ്രസ്തുത റിപ്പോർട്ടുകളുടെ കോപ്പി ലഭ്യമാക്കുമോ;

(ഡി) സർക്കാരിന് ലഭിച്ച കമ്മീഷൻ റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ കുറ്റക്കാരെന്ന് കണ്ടെത്തിയവരുടെ പേരിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് പറയാമോ?

ഉത്തരം

(എ) യു.ഡി.എഫ്. സർക്കാർ അധികാരത്തിൽ വന്നതിനുശേഷം താഴെ പറയുന്ന അഞ്ച് അന്വേഷണ കമ്മീഷനുകളെ നിയമിച്ചിട്ടുണ്ട്.

(a) തിരുവനന്തപുരം, തുമ്പയിൽ 2001 ഡിസംബറിൽ പോലീസ് വെടിവെയ്പ്പിനിടയായ സാഹചര്യങ്ങളെക്കുറിച്ച് അന്വേഷിക്കുന്നതിന് റിട്ടയേർഡ് ജില്ലാ ജഡ്ജി ശ്രീ. ജി. രാജപ്പൻ ആചാരി കമ്മീഷനെ നിയമിച്ചു.

(b) കോട്ടയം, കുമരകത്ത് 2002 ജൂലായിൽ ഉണ്ടായ ബോട്ടപകടത്തെക്കുറിച്ച് അന്വേഷിക്കുന്നതിന് റിട്ടയേർഡ് ഹൈക്കോടതി ജഡ്ജി ശ്രീ. ജസ്റ്റിസ് കെ. നാരായണക്കുറുപ്പ് കമ്മീഷനെ നിയമിച്ചു.

(c) കൊല്ലം, കുപ്പണയിൽ ഉണ്ടായ മദ്യ ദുരന്തത്തെക്കുറിച്ച് അന്വേഷിക്കുന്നതിന് റിട്ടയേർഡ് ഹൈക്കോടതി ജഡ്ജി ശ്രീ. ജസ്റ്റിസ് റ്റി. കെ. ചന്ദ്രശേഖരദാസ് കമ്മീഷനെ നിയമിച്ചു.

LIBRARY ARCHIVES Kerala Legislative Assembly